**A** **5001**

# സമഗ്ര ശിക്ഷ, കേരളം

# പാദവാർഷിക മൂല്യനിർണയം 2018–19

## ആരോഗ്യകായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ്: 5 സമയം: 2 മണിക്കൂർ

### പൊതുനിർദേശങ്ങൾ

1. ആരോഗ്യകായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നി വിഷയങ്ങളെ മൂന്നുവിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
2. ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
3. ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
4. മൂന്നു വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.


## ആരോഗ്യകായികവിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.**

1. ഹൃദയമിടിപ്പ് പരിശോധിക്കാനുള്ള ഉപകരണമാണ്
   (ടെലസ്കോപ്പ്, സ്റ്റെതസ്കോപ്പ്, ബാരോമീറ്റർ, തെർമോമീറ്റർ)
2. കായിക പ്രവർത്തനങ്ങൾക്ക് മുന്നോടിയായി ശരീരത്തെ തയാറാക്കുന്ന പ്രവർത്തനം അറിയപ്പെടുന്നതെന്ത് ..................................?
   (വാമിംഗ് അപ്പ്, ചുറുചുറുക്ക്, കൂളിംഗ് ഡൗൺ, വേഗത)
3. രക്തക്കുഴലുകൾ വികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്നതുമൂലമുണ്ടാകുന്ന തരംഗചലനങ്ങളെ .................................. എന്ന് പറയുന്നു.
   (ഭാരം, പൾസ്, വിയർപ്പ്, വേഗത)
4. 100 മീറ്റർ ഓട്ടമത്സരത്തിൽ പങ്കെടുക്കുന്ന കായികതാരത്തിന് ഉണ്ടാകേണ്ട പ്രധാനശേഷി ഏത്?
   (ഭാരം, ചുറുചുറുക്ക്, വേഗത, പ്രതികരണശേഷി)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽനിന്നും ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക**

5. പൾസ് എന്നാലെന്ത്? അവ മനസ്സിലാക്കുന്ന രണ്ടുരീതികൾ ഏവ?
6. ചിത്രം നിരീക്ഷിച്ചതിനുശേഷം വേഗതയുടെയും, ചുറുചുറുക്കിന്റേയും അടിസ്ഥാനത്തിൽ ജീവികളെ ക്രമീകരിക്കുക?




7. എന്താണ് വാമിംഗ് അപ്പ്?
8. 'റാറ്റ് ആന്റ് റാബിറ്റ്' എന്ന ഗെയിം നിങ്ങൾ പരിചയപ്പെട്ടല്ലോ? ഈ കളിയിൽ ഏർപ്പെടുന്നതിലൂടെ എന്തൊക്കെ ശേഷികൾ ലഭ്യമാകും?
9. എന്താണ് ചുറുചുറുക്ക്? ചുറുചുറുക്ക് ആവശ്യമുള്ള രണ്ടുകളികളുടെ പേരെഴുതുക?

**10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക?**

10. ഹൃദയമിടിപ്പ് എന്നാലെന്ത്?

11. കായിക പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ശരീരത്തിനുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം?

## കലാവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.**


1. താഴെ കൊടുത്തിരിക്കുന്നവയിൽ പ്രാഥമിക വർണങ്ങളിൽ ഉൾപെടാത്തത്
(നീല, വയലറ്റ്, മഞ്ഞ)

2. ചിത്രരചനയ്ക്ക് ഉപയോഗിക്കാവുന്ന ഒരു മാധ്യമത്തിന്റെ പേര് തെരഞ്ഞെടുത്ത് എഴുതുക
(ക്രയോൺ, റബർ, സ്കെയിൽ)


3. വായ്ത്താരികൾ കൂട്ടിയിണക്കി പാടുന്ന ഗാനശാഖ ഏത്?
(നാടൻപാട്ട്, കഥകളി സംഗീതം, സോപാനസംഗീതം)

4. തന്നിരിക്കുന്ന ചിത്രങ്ങളിൽ ഏതാണ് കേരളീയ വാദ്യോപകരണം?


എ



ബി



സി



5. താഴെകൊടുത്തിരിക്കുന്നവയിൽ കേരളത്തിന്റെ ശാസ്ത്രീയ നൃത്തരൂപമേത്?
(കുച്ചുപ്പുഡി, ഭരതനാട്യം, മോഹിനിയാട്ടം)

6. നാടകത്തിൽ കഥ സംഭവിക്കുന്ന സ്ഥലത്തെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദം ഏത്?
(അങ്കം, അണിയറ, രംഗം)

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി**

7. ഒരു പ്രകൃതിദൃശ്യം നേരിൽ കണ്ട്, വരച്ച് നിറം കൊടുക്കുന്നതിന് എന്തെല്ലാം തയാറെടുപ്പുകൾ നടത്തേണ്ടതുണ്ട്?

8. 'പുത്തൂരം വീട്ടിൽ ജനിച്ചോരെല്ലാം
പൂപോലഴകുള്ളോരായിരുന്നു' പ്രശസ്തമായ ഈ വടക്കൻ പാട്ടിന് യോജ്യമായ വായ്ത്താരി എഴുതുക?

9. ചിത്രത്തിൽ കൊടുത്തിരിക്കുന്ന കലാരൂപങ്ങളേതെന്ന് എഴുതുക

എ



ബി



10 സ്കൂൾ വാർഷികത്തിന് അവതരിപ്പിക്കേണ്ട നാടകത്തിന്റെ പ്രധാന രംഗം രാജകൊട്ടാരമാണ്. ഇതുസൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഏതെങ്കിലും രണ്ട് രംഗവസ്തുക്കളുടെ പേരെഴുതുക

**താഴെകൊടുത്തിട്ടുള്ള 11, 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി**

11. വറ്റിവരണ്ടുകൊണ്ടിരിക്കുന്ന ഒരു കുളത്തിലെ മത്സ്യവും കുളക്കരയിലെ മരക്കൊമ്പിൽ ഇരിക്കുന്ന കൊക്കും തമ്മിലുള്ള സംഭാഷണം എഴുതുക. ഈ രംഗത്തിന്റെ ഒരു രേഖാചിത്രം തയാറാക്കുക.

12. 'നോക്കെടാ നമ്മുടെ മാർഗേ കിടക്കുന്ന
മർക്കടാ നീയങ്ങു മാറിക്കിട ശഠാ.........'

കല്യാണസൗഗന്ധികം ഓട്ടൻ തുള്ളലിലെ മേൽകൊടുത്ത വരികൾ സുപരിചിതമാണല്ലോ. ഓട്ടൻ തുള്ളലിലെ പ്രശസ്തനായ ഒരു കലാകാരനുമായി അഭിമുഖം നടത്തുവാനാവശ്യമായ മൂന്നു ചോദ്യങ്ങൾ തയാറാക്കുക

## പ്രവൃത്തിപഠനം

**താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക**

1. നമ്മുടെ ചുറ്റുപാടുകളിൽനിന്നും ലഭിക്കുന്നതും വിഷരഹിതവുമായ പച്ചക്കറി ഏത്?
(ക്യാരറ്റ്, ബീറ്റ്റൂട്ട്, സവാള, പപ്പായ)

2. കിണർവെള്ളം ശുദ്ധീകരിക്കാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
(ബ്ലീച്ചിംഗ് പൗഡർ ലയിപ്പിക്കുന്നത്, സൂര്യപ്രകാശം വീഴുന്നത്, ചുണ്ണാമ്പും ചിരട്ടക്കരിയും ഉപയോഗിക്കുന്നത്, വാഷിംഗ് സോപ്പ് ലയിപ്പിച്ച് ചേർക്കുന്നത്)

**വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.**

3. ................................................., മുട്ടയിട്ട് പെരുകാതിരിക്കുന്നതിന് ടോയ്‌ലറ്റ് ഔട്ട്‌ലെറ്റ് പൈപ്പിൽ വലകെട്ടുന്നു.

4. പേപ്പർഗ്ലാസ് കൊണ്ട് നിർമ്മിക്കാൻ സാധിക്കുന്ന ഒരു ഗൃഹാലങ്കാര വസ്തുവാണ് ......................

5. വിത്ത്, കാണ്ഡം എന്നിവ നടീൽ വസ്തുവായി ഉപയോഗിച്ച് കൃഷി ചെയ്യുന്ന സസ്യങ്ങളുടെ പേരെഴുതി പട്ടിക വരച്ച് തരംതിരിക്കുക

| വിത്ത് | കാണ്ഡം |
|---|---|
| | |

6. മൂന്ന് ശുദ്ധജലസ്രോതസ്സുകളുടെ പേരെഴുതുക?

**താഴെകൊടുത്തിട്ടുള്ള 7, 8 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

7. ഡിസ്പോസിബിൾ പേപ്പർഗ്ലാസ്സ് ഉപയോഗിച്ച് വാൾഹാങ്ങർ നിർമ്മിക്കുന്നവിധം വിവരിക്കുക?

8. പഴങ്ങളിലും പച്ചക്കറികളിലുമുള്ള വിഷാംശം ഇല്ലാതാക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം? വിശദീകരിക്കുക